ഉയർന്ന ഉദ്യോഗസ്ഥർമാരുടെമേൽ വിജിലൻസ് കേസിന് അനുവാദം

128 (1063) ശ്രീ. കെ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ മേൽ വിജിലൻസ് കേസ് എടുക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ടുള്ള വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയുടെ എത്ര അഭ്യർത്ഥനകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട് ;

(ബി) ഈ അഭ്യർത്ഥനകൾ ലഭിച്ചതെന്നാണ് ;

(സി) ആരുടെയെല്ലാം മേൽ കേസ് എടുക്കുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ടുള്ള ആഭ്യർത്ഥനകളാണ് ഇവയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവർക്കെതിരെ കേസെടുക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഇവർക്കെതിരെ കേസെടുക്കുന്നതിന് അനുമതി നൽകുന്നതിൽ കാലതാമസം വരുത്തുന്നതിനുള്ള കാരണങ്ങൾ എന്തെന്നു പറയുമോ ?

ഉത്തരം

(എ-ഇ) ഉയർന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെ ഒരു വിഭാഗത്തിലുംപെട്ട ഉദ്യോഗസ്ഥൻമാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നതിന് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയ്ക്ക് സർക്കാരിന്റെ അനുമതി ആവശ്യമില്ല. അതിനാൽ അപ്രകാരമുള്ള അഭ്യർത്ഥനകൾ ഒന്നും തന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല.

ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയ മൊബൈൽ ഫോൺ

129 (1064) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽവകുപ്പ് ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ നൽകിയിട്ടുള്ളതിന്റെ മാനദണ്ഡമെന്താണ് ;

(ബി) ജയിൽ വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്കാണ് ഗവൺമെന്റ് ചെലവിൽ മൊബൈൽ ഫോൺ നൽകിയിട്ടുള്ളത് ;

(സി) 1-4-2000 മുതൽ 31-1-2001 വരെ ഗവൺമെന്റിൽ നിന്നും മൊബൈൽഫോൺ നൽകിയിട്ടുള്ള ഓരോ ജയിൽ ഉദ്യോഗസ്ഥനുംവേണ്ടി പ്രതിമാസം എന്തു തുക വീതം മൊബൈൽഫോൺ ചാർജ്ജിനത്തിൽ ചെലവായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഗവൺമെന്റ് ചെലവിൽ മൊബൈൽ ഫോൺ നൽകിയിട്ടുള്ള ജയിൽ ഉദ്യോഗസ്ഥർക്ക് ഓഫീസിലും വീട്ടിലും സർക്കാർ ചെലവിൽ സാധാരണ ഫോൺ അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly